(എ) സംസ്ഥാനത്തെ വൈദ്യുത ഉല്പാദന പദ്ധതികളുമായി ബന്ധപ്പെട്ട് റിസർവോയറുകൾ ഓരോന്നിന്റെയും പരമാവധി സംഭരണശേഷി എത്രയാണെന്നും യഥാർത്ഥത്തിൽ കഴിഞ്ഞ 5 വർഷങ്ങളിലെ ജൂൺ 1, ഒക്ടോബർ 1 എന്നീ തീയതികളിലെ സംഭരണ സ്ഥിതി എന്തായിരുന്നുവെന്നും വിശദമാക്കാമോ;

(ബി) മുൻ വർഷത്തെ (2005) ജൂൺ 1, ഒക്ടോബർ 1 എന്നീ തീയതികളിലെ സംഭരണ സ്ഥിതിയേക്കാൾ മെച്ചപ്പെട്ട സംഭരണ സ്ഥിതി ഇതിന് മുമ്പ് എപ്പോഴെങ്കിലും ഉണ്ടായിരുന്നിട്ടുണ്ടോ; എങ്കിൽ അത് എപ്പോഴായിരുന്നു;

(സി) മുൻ വർഷം (2005) ഏതെങ്കിലും റിസർവോയർ നിറഞ്ഞൊഴുകുകയോ, വെള്ളം തുറന്ന് വിടുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ബി) 2005 ജൂൺ 1-ാം തീയതിയിലെ സംഭരണ സ്ഥിതിയേക്കാൾ മെച്ചപ്പെട്ട സംഭരണ സ്ഥിതി ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു:

വർഷം	ഉൽപ്പാദിപ്പിക്കുവാനുള്ള ജലം (എം.യു.)
2005 ജൂൺ 1	425.88
2004 ജൂൺ 1	731.18
2001 ജൂൺ 1	571.87
2000 ജൂൺ 1	539.31
1999 ജൂൺ 1	1185.46
1998 ജൂൺ 1	637.53

എന്നാൽ 2005 ഒക്ടോബർ 1-ാം തീയതിയിലെ സംഭരണ സ്ഥിതിയേക്കാൾ മെച്ചപ്പെട്ട സംഭരണ സ്ഥിതി മുൻവർഷങ്ങളിൽ ഉണ്ടായിട്ടില്ല.

(സി) മുൻവർഷം കുറ്റ്യാടി, പൊരിങ്ങൽകുത്ത്, ഷോളയാർ, ഇടമലയാർ, പൊന്മുടി, നേര്യമംഗലം എന്നീ റിസർവോയറുകളിൽ സംഭരണ ശേഷിയേക്കാൾ വെള്ളം നിറഞ്ഞതിനാൽ, തുറന്നു വിടുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർക്കുന്നു.††

വൈദ്യുതി എത്തിക്കാനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാൻ നടപടി

75 [379] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം X

†† അനുബന്ധം XA

(378)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുത ഉപകരണങ്ങൾ ഇല്ലാത്തതുകൊണ്ട് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ ചൊക്ലി, പാനൂർ, പാട്യം, പറാട് സെക്ഷനുകളിൽ വരുന്ന പ്രദേശങ്ങളിൽ ഉപകരണങ്ങൾ വിതരണം ചെയ്യാൻ ഇല്ലാത്തത് കാരണം വൈദ്യുതി കണക്ഷന് വേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സെക്ഷൻ ഓഫീസിന് കീഴിൽ വൈദ്യുതി എത്തിക്കാനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധനസാമഗ്രികൾ വാങ്ങുന്നതിന് അതാത് റീജിയണിലെ ചീഫ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് അതാത് റീജിയണിലെ ചീഫ് എഞ്ചിനീയർമാരെയും, അടിയന്തിര ഘട്ടങ്ങളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെയും സാധനങ്ങൾ വാങ്ങുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജലവൈദ്യുത പദ്ധതികൾക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

76 [381] ശ്രീ. പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ജലവൈദ്യുത പദ്ധതികളാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തത് കാരണം പണി തുടങ്ങാൻ സാധിക്കാതെ കിടക്കുന്നത്;

(ബി) കേന്ദ്രത്തിന്റെ അനുമതി ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(380)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly